**സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വിജ്ഞാപനം**

**നമ്പർ.സി.എസ്.ഇ.ബി /എക്സാം/ 15-2010**

വിജ്ഞാപന തിയതി 28-5-2010 — അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 28-6-2010. വൈകുന്നേരം 5.00 മണി.

താഴെപ്പറയുന്ന സഹകരണ സംഘങ്ങളിൽ / ബാങ്കുകളിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

**1. നിയമന രീതി.** നേരിട്ടുള്ള നിയമനം . പരീക്ഷാ ബോർഡ് നടത്തുന്ന എഴുത്തു പരീക്ഷയുടേയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന കൂടികാഴ്ചയുടേയും അടിസ്ഥാനത്തിൽ പരീക്ഷാ ബോർഡ് നൽകുന്ന ലിസ്റ്റിൽ നിന്നും സംഘങ്ങൾ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം.

**2. നിയമന അധികാരി.** ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ/ ബാങ്കുകൾ. .

**കാറ്റഗറി 1/2010 ജൂനിയർ ക്ലാർക്ക്**

വിദ്യാഭ്യാസ യോഗ്യത: സഹകരണ നിയമവും ചട്ടവും പ്രകാരം എസ്.എസ്.എൽ.സി, അഥവാ തതുല്യ യോഗ്യതയും സബോർഡിനേറ്റ് പേഴ്സണൽ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (ജൂനിയർ ഡിപ്ലോമ ഇൻ കോ ഓപ്പറേഷൻ ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

| ക്രമ നമ്പർ | സംഘത്തിന്റെ പേര്, അഭിലഷണീയ അധിക യോഗ്യത | ഒഴിവുകളുടെഎണ്ണം, ശമ്പള-സ്കെയിൽ |
|---|---|---|
| 1 | പാമ്പാടി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.831, സൗത്ത് പാമ്പാടി.പി.ഒ, പാമ്പാടി, കോട്ടയം 686521 ( ബിരുദത്തോട് കൂടിയ എച്ച്.ഡി.സി/ബി.കോം കോ ഓപ്പറേഷൻ, കംപ്യൂട്ടർ പരിജ്ഞാനം, 1 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം അഭികാമ്യം) ☎ 0481-2504191 | ജൂനിയർ ക്ലാർക്ക് ജനറൽ 3 sc/st-1 5205-11060 |

**1.** പ്രായപരിധി **1-4-2010** ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 37 (മുപ്പത്തി ഏഴ്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ പട്ടിക ജാതി /പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചു വർഷത്തെ ഇളവും , മറ്റു പിന്നോക്കവിഭാഗത്തിനും, വിമുക്തഭടൻമാർക്കും മൂന്നു വർഷത്തെ ഇളവും, വികലാംഗർക്ക് 10 വർഷത്തെ ഇളവും ലഭിക്കുന്നതാണ്.

**2.** ഏതെങ്കിലും ഒരു സംഘത്തിന്റെ പ്രവർത്തനപരിധിയിൽ വരുന്ന ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത സംഘത്തിലെ ഇന്റർവ്യൂവിന് ലഭിക്കാവുന്ന പരമാവധി 15 മാർക്കിനു പുറമെ അധിക ആനുകൂല്യമായി 5 മാർക്ക് കൂടി ലഭിക്കുന്നതാണ്. അപേക്ഷാ ഫാറത്തിൽ സ്വന്തം ജില്ല വ്യക്തമാക്കേണ്ടതും ഇന്റർവ്യൂ സമയത്ത്, ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

3.പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് **50** രൂപയും, മറ്റുവിഭാഗക്കാർക്ക് (വയസ്സ് ഇളവ് ലഭിക്കുന്നവർ ഉൾപ്പെടെ എല്ലാവരും) **150** രൂപയുടെ ഡി.ഡിയുമാണ് അപേക്ഷാ ഫീസായി നൽകേണ്ടത്. അപേക്ഷാ ഫീസ് ക്രോസ്സ് ചെയ്ത് അക്കൗണ്ട് പേയി ഡിമാന്റ് ഡ്രാഫ്റ്റായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിൽ അയക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ www.csebkerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ് അപേക്ഷയും അനുബന്ധങ്ങളും ബോർഡ് നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ തന്നെ **28-6-2010** ന് വൈകിട്ട് 5 മണിയ്ക്കു മുൻപായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ ലഭിക്കേണ്ടതാണ്.

4. അപേക്ഷയോടൊപ്പം വിദ്യാഭ്യാസയോഗ്യത, വയസ്സ്, ജാതി, വിമുക്തഭടൻ, വികലാംഗൻ എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ ശരിപ്പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്തിരിക്കണം.

5.അപേക്ഷകൾ നേരിട്ടോ തപാൽ മുഖേനയോ സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് , കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ് ,ഓവർ ബ്രിഡ്ജ് , തിരുവനന്തപുരം 1 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ് .

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിനു വേണ്ടി

സ്ഥലം : തിരുവനന്തപുരം — ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി

തീയതി : 28-5-2010 — സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം